# മാക്ട - ഓക്സിജൻ സിനിമ അവാർഡ്

മലയാള ചലചിത്ര സാങ്കേതിക പ്രവർത്തകരുടെ ആദ്യത്തെ സംഘടനയും സാംസ്കാരിക കൂട്ടായ്മയുമായ മാക്ടയും (Malayalam Cine Technician's Association) ഓക്സിജൻ ഗ്രൂപ്പും ചേർന്ന് മലയാള സിനിമകൾക്കായി ഒരു അവാർഡ് സംഘടിപ്പിക്കുന്നു.

അടൂർ ഗോപാലകൃഷ്ണനും, എം.ടി. വാസുദേവൻ നായരും, കെ.ജി. ജോർജും, ഹരിഹരനും, ജോൺപോളും, ഭരതനും, പദ്മരാജനും, ലോഹിതദാസും, ഐ.വി. ശശിയും, ഫാസിലും, ജോഷിയും, കലൂർ ഡെന്നീസും, ഡെന്നീസ് ജോസഫും, എസ്.എൻ. സ്വാമിയും, പ്രിയദർശനും, സത്യൻ അന്തിക്കാടും, സിബി മലയിലും, പവിത്രനും, ടി.വി. ചന്ദ്രനും, സന്തോഷ് ശിവനും ലെനിൻ രാജേന്ദ്രനും ഉൾപ്പെടെ മുഖ്യധാരാ സിനിമയിലെയും മധ്യവർത്തി സിനിമയിലെയും സമാന്തര സിനിമയിലെയും പ്രധാന കലാകാരന്മാരെയെല്ലാം ഒരു കുടക്കീഴിൽ അണിനിരത്തികൊണ്ട് 1994 ൽ സ്ഥാപിതമായ മാക്ട, ഇന്ത്യൻ സിനിമാ ചരിത്രത്തിൽ തന്നെ അങ്ങനെയുള്ള ആദ്യത്തെ കൂട്ടായ്മയായിരുന്നു.

മൂന്ന് പതിറ്റാണ്ടിലേറെ നീളുന്ന മാക്ടയുടെ പ്രവർത്തന പന്ഥാവിൽ തന്നെ എക്കാലത്തെയും വലിയ സ്വപ്നങ്ങളിൽ ഒന്നാണ് ഇപ്പോൾ യാഥാർത്ഥ്യമായി മാറുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു. മികച്ച സിനിമകളെയും സിനിമാ പ്രവർത്തകരെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ കൂടുതൽ നല്ല സിനിമകൾ ഉണ്ടാവുന്നതിനും, ഗുണപരമായ ചിലച്ചിത്രാസ്വാദന സംസ്ക്കാരത്തിന്റെ പിന്തുടർച്ചയ്ക്കും മാക്ടാ - ഓക്സിജൻ സിനിമാ അവാർഡ് നിമിത്തമാവുമെന്നും മാക്ട ഭാരവാഹികൾ പ്രത്യാശ പ്രകടിപ്പിക്കുന്നു. ഇലക്ട്രോണിക്സ് - ഗൃഹോപകരണ വ്യാപാരരംഗത്ത് ശ്രദ്ധേയരായ ഓക്സിജൻ ഗ്രൂപ്പാണ് ഈ വർഷത്തെ അവാർഡിന്റെ പ്രധാന സ്പോൺസർ. അതുകൊണ്ട് മാക്ട - ഓക്സിജൻ സിനിമാ അവാർഡ് എന്ന പേരിലായിരിക്കും ഈ വർഷത്തെ അവാർഡമെന്ന് മാക്ട ഭാരവാഹികളും ഓക്സിജൻ ഗ്രൂപ്പ് സി.ഇ.ഒ. ശ്രീ. ഷിജോ കെ. തോമസും ചേർന്ന് നടത്തിയ പത്രസമ്മേളനത്തിൽ അറിയിച്ചു. മികച്ച സിനിമയുടെ നിർമ്മാതാവിനും സംവിധായകനും മികച്ച സംവിധായകനും ഉൾപ്പെടെ അഭിനേതാക്കൾക്കും ഗായകർക്കും മറ്റ് പ്രധാന സാങ്കേതിക പ്രവർത്തകർക്കുമെല്ലാം വിവിധ വിഭാഗങ്ങളിലായി പുരസ്കാരങ്ങൾ നൽകും. ക്യാഷ് അവാർഡും അവാർഡ് ശിൽപ്പവും പ്രശസ്തിഫലകവും അടങ്ങുന്നതായിരിക്കും അവാർഡ്.

2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്യപ്പെട്ട സിനിമകളായിരിക്കും അവാർഡിന് പരിഗണിക്കപ്പെടുക. തീയേറ്ററിൽ റിലീസ് ആകാത്ത ചിത്രങ്ങളും അവാർഡിന് പരിഗണിക്കും. അവാർഡിന് അപേക്ഷിക്കുവാനുള്ള നിർദ്ദിഷ്ട ഫോറവും നിബന്ധനകളും മറ്റ് വിശദവിവരങ്ങളും ജൂൺ 20 മുതൽ മാക്ട ഓഫീസിൽ നിന്നും മാക്ടയുടെ വെബ്സൈറ്റിൽ നിന്നും ലഭ്യമാവും.

മാക്ട സംഘടിപ്പിച്ച തിരക്കഥ മത്സരത്തിന് പുതിയ എഴുത്തുകാരുടെ ഭാഗത്തുനിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചതെന്നും തിരക്കഥാ മത്സരത്തിൽ വിജയികളായവർക്കുള്ള പുരസ്കാരങ്ങൾ ജൂൺ 27 ന് എറണാകുളത്ത് നടക്കുന്ന മാക്ടയുടെ വാർഷിക പൊതുയോഗത്തിൽ വച്ച് വിതരണം ചെയ്യപ്പെടുമെന്നും മാക്ട നേതൃത്വം അറിയിക്കുന്നു. തിരക്കഥാ മത്സരത്തിന്റെ ജൂറി ചെയർമാനും സംവിധായകനുമായ ഭദ്രന്റെയും പ്രമുഖ നിർമ്മാതാക്കളുടെയും സാങ്കേതിക പ്രവർത്തകരുടെയും എല്ലാം സാന്നിധ്യത്തിൽ ആയിരിക്കും പുരസ്കാര വിതരണം.

പത്ര സമ്മേളനത്തിൽ മാക്ട ചെയർമാൻ ശ്രീ. ജോഷി മാത്യു, ജനറൽ സെക്രട്ടറി ശ്രീകുമാർ അരൂക്കുറ്റി, ട്രഷറർ സജിൻലാൽ, ജോയിന്റ് സെക്രട്ടറി ഉത്പൽ വി നായനാർ, സംവിധായകരായ സുന്ദർദാസ്, പദ്മകുമാർ, വാർത്താ പ്രചാരകൻ എ.എസ്. ദിനേശ് എന്നിവരും പങ്കെടുത്തു.

**ജോഷി മാത്യു**
(ചെയർമാൻ)

**ശ്രീകുമാർ അരൂക്കുറ്റി**
(ജനറൽ സെക്രട്ടറി)